# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 688

30/06/2015-ൽ മറുപടിക്ക്

## സെയ്ഫ് കേരള പദ്ധതി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.ഇ.കെ.വിജയൻ | ശ്രീ. വി.എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| എ) സെയ്ഫ് കേരള പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കാമോ ; | എ) സെയ്ഫ് കേരള പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ<br>1.പൊതുജനാരോഗ്യ സംരക്ഷണം ഉറപ്പാക്കുക.<br>2. പകർച്ച വ്യാധികളെ ഫലപ്രദമായി തടയുക.<br>3. പകർച്ച വ്യാധികൾ മൂലമുള്ള ആരോഗ്യ പ്രശ്നങ്ങൾ പരമാവധി കുറയ്ക്കുക.<br>4. പകർച്ച വ്യാധി പൊട്ടിപ്പുറപ്പെടുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കുന്ന വ്യക്തികളെയും സ്ഥാപനങ്ങളെയും നിയമ സഹായത്തോടെ നിയന്ത്രിക്കുക.<br>5.പൊതുജനാരോഗ്യ കാര്യങ്ങളിൽ ഓരോരുത്തരുടേയും പങ്കും അവർ പാലിക്കേണ്ടുന്ന കടമകളും എന്തെന്നുള്ള ബോധവൽക്കരണം.<br>6. പരിസര ശുചീകരണം ഉറപ്പാക്കുക. |
| ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി ആരോഗ്യ വകുപ്പ് അന്യസംസ്ഥാന തൊഴിലാളികളുടെ വാസസ്ഥലങ്ങളിൽ പരിശോധന നടത്തിയിട്ടുണ്ടോ ; | ബി) ഉണ്ട്. രണ്ട് പ്രാവശ്യം സംസ്ഥാന വ്യാപകമായി പരിശോധന നടത്തിയിട്ടുണ്ട്(22.07.2014,23.05.2015). |
| സി) എങ്കിൽ കണ്ടെത്തലുകൾ വിശദമാക്കാമോ ? | സി) രണ്ടു പ്രാവശ്യം നടത്തിയ പരിശോധന റിപ്പോർട്ട് അനുബന്ധമായി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

2014-ൽ 14 ജില്ലകളിലുമായി ഡോക്ടർമാർ ഉൾപ്പെടെ 5428 ജീവനക്കാർ 1203 ടീമുകളായി ഇതര സംസ്ഥാന തൊഴിലാളികൾ താമസിക്കുന്നതോ ജോലി നോക്കുന്നതോ ആയ 8718 സ്ഥലങ്ങളിൽ പരിശോധന നടത്തി. 72096 തൊഴിലാളികൾ പരിശോധനയിൽ ഉൾപ്പെട്ടതിൽ 6099 പേരുടെ രക്ത സാമ്പിളുകൾ മലമ്പനി പരിശോധനയ്ക്ക് വിധേയമാക്കി. അനാരോഗ്യകരമായ ചുറ്റുപാടുകൾ ഉണ്ടായിരുന്നു. 1896 ക്യാമ്പുകൾക്ക് പൊതുജനാരോഗ്യ നിയമ പ്രകാരം നോട്ടീസ് കൊടുക്കുകയുണ്ടായി. ഇതിൽ 672 എണ്ണം കൊതുകിന്റെ ഉറവിടങ്ങൾ കണ്ടെത്തിയതാണെങ്കിലും 662 എണ്ണം മാലിന്യം ശരിയായി സംസ്കരിക്കാത്തത് ആയിരുന്നു. വൃത്തി ഹീനമായ ചുറ്റുപാടിൽ തൊഴിലാളികളെ താമസിപ്പിച്ചതിന് 569 നോട്ടീസുകൾ നൽകിയെങ്കിൽ മലിന ജലം പുറത്തേക്ക് ഒഴുക്കിയതിന് 378 നോട്ടീസുകൾ നൽകി. 138 ലേബർ ക്യാമ്പുകളിൽ നിരോധിത പുകയില ഉൽപ്പന്നങ്ങൾ കണ്ടെത്തിയിരുന്നു. തീരെ മോശമായ സാഹചര്യങ്ങൾ നിലവിലുണ്ടായ 23 ക്യാമ്പുകൾ അടച്ചുപൂട്ടി.

2015-ൽ 14 ജില്ലകളിലുമായി 4707 ജീവനക്കാർ 1032 ടീമുകളായി ഇതര സംസ്ഥാന തൊഴിലാളികൾ വസിക്കുന്നതോ ജോലി നോക്കുന്നതോ ആയ 8079 സ്ഥലങ്ങൾ വീടുകൾ/ കെട്ടിടങ്ങൾ തുടങ്ങിയവരിൽ പരിശോധന നടത്തി. 71588 തൊഴിലാളികൾ പരിശോധനയിൽ ഉൾപ്പെട്ടതിൽ 5549 പേരുടെ രക്ത സ്മിയർ മലമ്പനി പരിശോധനയ്ക്കായി ശേഖരിച്ചു. അനാരോഗ്യകരമായ ചുറ്റുപാടുകൾ ഉണ്ടായിരുന്നതിനാൽ 1148 നോട്ടീസുകൾ പൊതുജനാരോഗ്യ നിയമ പ്രകാരം നൽകുകയുണ്ടായി. ഇതിൽ 435 എണ്ണം കൊതുകിന്റെ ഉറവിടങ്ങൾ കാണപ്പെട്ടതിനാണെങ്കിൽ 378 എണ്ണം മാലിന്യം ശരിയായ രീതിയിൽ സംസ്കരിക്കാത്തതിനായിരുന്നു. വൃത്തിഹീനമായ ചുറ്റുപാടിൽ തൊഴിലാളികളെ താമസിപ്പിച്ചതിന് 298 നോട്ടീസുകൾ നൽകിയെങ്കിൽ മലിനജലം പുറത്തേക്ക് ഒഴുക്കിയതിന് 255 നോട്ടീസുകൾ നൽകി. 54 ലേബർ ക്യാമ്പുകളിലായി നിരോധിത പുകയില ഉൽപ്പന്നങ്ങൾ കണ്ടെത്തിയിരുന്നു. ഇതിൽ മോശമായ സാഹചര്യങ്ങൾ ഉണ്ടായിരുന്നു. 9 കേന്ദ്രങ്ങൾ അടച്ചു പൂട്ടി. നോട്ടീസ് കൊടുത്തതോ, അടച്ചുപൂട്ടിയതോ, ആയ കേന്ദ്രങ്ങളിൽ വീണ്ടും പരിശോധന നടത്തി നടപടികൾ സ്വീകരിച്ചു വരുന്നു.

**'സേഫ് കേരള'** പ്രോഗ്രാമിന്റെ ഭാഗമായി അല്ലാതെ അതാത് പ്രദേശത്തെ ഫീൽഡ് വർക്കർമാരും, വെക്ടർ കൺട്രോൾ യൂണിറ്റും ഇതര സംസ്ഥാന തൊഴിലാളി ക്യാമ്പുകളിലും തൊഴിൽ സ്ഥലങ്ങളും സന്ദർശനം നടത്തി പൊതുജനാരോഗ്യ പ്രവർത്തനങ്ങൾ നടത്തി വരുന്നുണ്ട്.